നിയമ
സംസ്കാര
കേന്ദ്രത്തിന്റെ

# ജനനീതി

വാല്യം : 10 ◆ ലക്കം : 4 ◆ ഏപ്രിൽ 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

**അമേരിക്ക പറയുന്നു: ഇത് യുദ്ധമല്ല. പുതിയ ഇറാഖ് സൃഷ്ടിക്കാനുള്ള പരിശ്രമമാണ്. ആ ഇറാഖിൽ പട്ടിണിയുണ്ടാകില്ല. ആയുധങ്ങളുണ്ടാകില്ല. വിവേചനങ്ങളുണ്ടാകില്ല. സ്വേച്ഛാധിപത്യമുണ്ടാകില്ല.**

**അമേരിക്ക പറയാതെ പറയുന്നത് ഇറാഖിൽ ഇറാഖികളേ വേണ്ടെന്നാണ്. ഏഷ്യക്കാർ വേണ്ടെന്ന്, ആഫ്രിക്കക്കാർ വേണ്ടെന്ന്, കറുത്തവർ വേണ്ടെന്ന്, അറബികൾ വേണ്ടെന്ന് അമേരിക്ക പലവട്ടം പറഞ്ഞു. ചെയ്തു. മനുഷ്യവംശത്തിലെ കൊടുംക്രൂരതകളെ സൂക്ഷ്മതയോടെ വിന്യസിപ്പിച്ച കഥയിലെ ചെന്നായെപ്പോലെ അമേരിക്ക ലോകത്തെ കുളംകലക്കുന്ന ആട്ടിൻ കുട്ടിയാക്കിയിരിക്കുന്നു.**

**എന്നാൽ, പ്രകൃതിയുടെയും പ്രാണന്റെയും സർവ്വനാശത്തിലേയ്ക്കുള്ള എളുപ്പവഴിയാണ് യുദ്ധം എന്ന തിരിച്ചറിവ് ലോകമെമ്പാടും ഉയരുന്നുണ്ട്. യൂറോപ്പിലും അമേരിക്കയിൽ തന്നെയും നടന്ന യുദ്ധവിരുദ്ധ പ്രകടനങ്ങളും പ്രതിഷേധമാർച്ചുകളും സൂചിപ്പിക്കുന്ന പ്രത്യാശ ചെറുതല്ല. ബുഷിന്റെ അമേരിക്കയല്ല, തങ്ങളുടെ അമേരിക്ക എന്ന് പ്രഖ്യാപിച്ച് ഇറാഖികൾക്കൊപ്പം സഹനങ്ങൾ പങ്കിടാൻ ഇറാഖിലെത്തിയ ചെറുപ്പക്കാർ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ചരിത്രത്തിന് സമകാലികമായ വീര്യം പകരുന്നു. മുൻകാലങ്ങളിൽ അമേരിക്കക്കൊപ്പം കണ്ണുമടച്ചു നിന്ന സഖ്യഭരണകൂടങ്ങൾ, ഈ ചോരയിൽ ഞങ്ങൾക്കു പങ്കില്ലെന്ന് പ്രഖ്യാപിച്ചിരിക്കുന്നു.**

**ഇതെല്ലാം പരത്തുന്നത് മനുഷ്യത്വത്തിന്റെ വെളിച്ചമാണെങ്കിലും, യുദ്ധം എത്രയോ ഇരുണ്ടതാണ്. ഓർമ്മകളിലേയ്ക്കും ഭാവിയിലേയ്ക്കും നിഴൽ വീഴ്ത്താൻ തക്കവിധം ഇരുണ്ടത്. യുദ്ധവിരുദ്ധതയെന്നത് ഭരണകൂടങ്ങളുടെയും ജനതകളുടെയും അടിസ്ഥാന നൈതികതയാകും വരെ, പ്രതിരോധപ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ട്. അനേകായിരങ്ങളുടെ മേൽ അകാലമൃത്യുവിന്റെ, അംഗഭംഗത്തിന്റെ, പ്രവാസത്തിന്റെ മുദ്ര പതിപ്പിക്കാൻ മുതിരുന്ന ഈ നരമേധത്തിനെതിരെ മനുഷ്യത്വത്തിന്റെ വെളിച്ചമുയർത്താൻ ജനനീതിയും കൂടെ ചേരുന്നു. ■**

# മുത്തങ്ങയിലെ നേരുകൾ തേടി

**ആ**ദിവാസികൾ കുടിയേറിയ മുത്തങ്ങയിലെ കാട് ‘നിബിഡ വന’മല്ല. ഭരണകൂടത്തിന്റെ അനുമതിയോടും അനുമതികൂടാതെയും വനം മാഫിയ വെട്ടി നിരത്തിയ വിശാലമായ വനപ്രദേശം. മാവൂരിലെ ഗ്വാളിയോർ റയോൺസ് എന്ന സ്വകാര്യ കുത്തക കമ്പനിയ്ക്ക് പാഴ്മരങ്ങൾ വെച്ചുപിടിപ്പിക്കാൻ സൗജന്യനിരക്കിൽ കേരള സർക്കാർ വിട്ടുകൊടുത്തിരുന്ന സ്ഥലമാണിത്. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, സിൽവർ ഓക്ക് എന്നീ വൃക്ഷങ്ങൾ ഈ സ്ഥലത്ത് കമ്പനി നട്ടു വളർത്തുകയും വെട്ടി നീക്കുകയും ചെയ്തു. കൊയ്ത്തു കഴിഞ്ഞ നെൽക്കണ്ടങ്ങൾ പോലെ, മരക്കുറ്റികൾ നിറഞ്ഞ ആ പ്രദേശമാകെ വയനാട്ടിൻ സർവത്ര സമൃദ്ധമായി വളരുന്ന കൊങ്ങിണി പടർപ്പുകളാണുള്ളത്. ആദിവാസികൾ കുടിൽ കെട്ടിയത് ഇപ്രകാരമുള്ള മുൾപടർപ്പുകളിലാണ്.

ആദിവാസികൾ വനത്തിൽ കിടങ്ങുകൾ(ആനകളെ വീഴ്ത്തുന്ന സ്റ്റൈലിൽ!) കുഴിച്ചിരുന്നുവെന്നും, ബന്ദികളുടെ ചുറ്റിലും വലിയ ഗർത്തം നിർമ്മിച്ച് ആരും സമീപത്തേയ്ക്ക് എത്താൻ കഴിയാത്ത വണ്ണം പ്രതിബന്ധങ്ങൾ തീർത്തിരുന്നുവെന്നും മറ്റുമുള്ള എത്രയെത്ര നുണകളാണ് ഭരണകൂടവും വനംവകുപ്പും വനം മാഫിയയും ചേർന്ന് പ്രചരിപ്പിച്ചത്! ഈ സ്ഥലമാകെ നടന്നു പരിശോധിച്ചിട്ട് ഒരിടത്തുപോലും അപ്രകാരമൊരു ഗർത്തം (കിടങ്ങ്) കാണാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ബന്ദികളെ പാർപ്പിച്ചിരുന്ന ഷെഡ്ഡിന്റെ സമീപത്തേയ്ക്ക് പോലീസ് വാഹനം വേഗത്തിൽ എത്താൻ കഴിയാത്തവണ്ണം വഴിയിൽ ഒരിടത്ത് 6–7 അടി നീളത്തിൽ ഒരു കുഴി കാണുന്നുണ്ട്; ആവശ്യമെങ്കിൽ 3 മിനിറ്റു കൊണ്ട് മൂടാവുന്ന വലിപ്പത്തിൽ. സമീപത്തായി ഒരു മരം വെട്ടിയിട്ട് വഴിയിൽ മാർഗ്ഗതടസ്സവും സൃഷ്ടിച്ചിരുന്നു. എന്നാലും ജീപ്പ് പോലുള്ള വാഹനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഉപവഴികൾ ധാരാളമുണ്ടുതാനും. ജാനുവിന്റെയും ഗീതാനന്ദന്റെയും ഓഫീസായി ഉപയോഗിച്ചിരുന്നത് മേല്പറഞ്ഞ ഷെഡ്ഡുകളായിരുന്നു. അത് പോലീസ് അഗ്നിക്കിരയാക്കിയപ്പോൾ, നൂറ് വാരയകലെയുള്ള ഒരു മുളങ്കൂട്ടവും അഗ്നിക്കിരയായതായി കാണുന്നു. മറ്റ് മുളങ്കൂട്ടങ്ങൾക്ക് സമീപത്തേയ്ക്ക് അഗ്നിയെത്തിയിട്ടുമില്ല. എന്തുകൊണ്ട് പച്ച മുളങ്കൂട്ടത്തിന് പോലീസ് തീ കൊളുത്തിയെന്നത് ഉത്തരം ലഭിക്കാത്ത ചോദ്യമാണ്. നിരവധി പേരെ കാണാനില്ലാത്ത സാഹചര്യത്തിൽ സ്വാഭാവികമായും ജനങ്ങൾ പലതും ശങ്കിക്കുന്നുണ്ടാകാം. പോലീസിന്റെ മൗനം സംശയങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നുണ്ട്.





മുത്തങ്ങയിലെ 'നിബിഡവനം'. പോലീസ് അഗ്നിക്കിരയാക്കിയ കുടിലുകളുടെ അവശിഷ്ടങ്ങളും പിന്നിൽ പടർന്നുകിടക്കുന്ന കൊങ്ങിണി ചെടികളും കാണാം

## വിനോദിന് അഞ്ചുലക്ഷം, ജോഗിക്ക് പത്തുകിലോ അരി

വിചിത്രമാണ് ഭരണകൂടത്തിന്റെ നീതി സങ്കല്പം. ആദിവാസിവേട്ടയിൽ കൊല്ലപ്പെട്ട വിനോദ് എന്ന പോലീസ് യുവാവ്, രക്തദാഹിയായ ഒരു വകുപ്പ് മേധാവിയുടെ ക്രൂരതയുടെ ഇരയാണ്. വെട്ടേറ്റ വിനോദിനെ ഉടനെ ആസ്പത്രിയിലെത്തിച്ചിരുന്നുവെങ്കിൽ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നുവെന്ന് പറയുന്നവരുണ്ട്. പോലീസിന്റെ വെടിയേറ്റു പിടഞ്ഞു മരിച്ച ജോഗിയെന്ന ആദിവാസി മുത്തങ്ങയിലെ പോലീസ് ലിസ്റ്റിലെ 'ഉഗ്രവാദിയായ കയ്യേറ്റക്കാര'നായിരുന്നില്ല. മുത്തങ്ങ കാട്ടിൽ പട്ടിണി കിടന്നിരുന്ന സ്വന്തം മകൾക്കും ഭർത്താവിനും ഭക്ഷണത്തിനുള്ള അരിയുമായി പയ്യമ്പിള്ളിയിലെ സ്വന്തം വീട്ടിൽനിന്നും മുത്തങ്ങയിൽ എത്തിയതായിരുന്നു ജോഗി. വിനോദിന്റെയും ജോഗിയുടെയും മരണത്തിനുത്തരവാദി ഭരണകൂടവും പോലീസും തന്നെ. എന്നാൽ വിനോദിന്റെ കുടുംബത്തിന് അടിയന്തിരമായി 5 ലക്ഷം ക. നല്കി സാന്ത്വനപ്പെടുത്തിയ ആന്റണി സർക്കാർ ജോഗിയുടെ കുടുംബത്തിന് ഉദാരമായി നല്കിയത് 10 കിലോ അരിയാണ്! ഗംഭീരമായിരിക്കുന്നു ഏ.കെ. ആന്റണിയുടെ തുല്യനീതി! ദൽഹിയിൽ നിന്നും വയനാട്ടിലെത്തിയ പട്ടികജാതി-പട്ടികവർഗ്ഗ ദേശീയ കമ്മീഷൻ ജോഗിയുടെ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം ഉടനടി നല്കണമെന്ന കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് കൊടുത്തത് നിരവധി പേരുടെ സാന്നിധ്യത്തിലായിരുന്നുവല്ലോ.

ദുർബ്ബലരായ ആദിവാസികൾക്ക് ആകെയുണ്ടായിരുന്ന സമ്പാദ്യം അവരുടെ തുണികളും പണിയായുധങ്ങളും വീട്ടുപകരണങ്ങളും മാത്രമാണ്. അവയുമെടുത്തുകൊണ്ടാണ് വാഗ്ദത്ത ഭൂമിയായ മുത്തങ്ങയിലേക്ക് അവർ പുറപ്പെട്ടത്. അവ മുഴുവനും പോലീസ് അഗ്നിക്കിരയാക്കി. തച്ചുടയ്ക്കാവുന്നതെല്ലാം ഉടച്ചു. ശേഷിച്ചവ ചാക്കിൽ സംഭരിച്ച് അങ്ങാടിയിൽ കൊണ്ടുപോയി ആരോ ചിലർ വില്പന നടത്തിയതും കണ്ടവരുണ്ട്. ജയിലിൽ നിന്നും പുറത്തിറങ്ങിയ സ്ത്രീകളും, കുട്ടികളും, ബത്തേരി താലൂക്കാസ്പത്രിയിൽ പരിക്കേറ്റു കിടക്കുന്നവരും ഒരേസ്വരത്തിൽ യാചിക്കുന്നത് മാറിയുടുക്കാൻ ഒരു തുണ്ട് തുണിയ്ക്കുവേണ്ടിയാണ്. പോലീസാക്രമണത്തിൽ ഉടുതുണി മുഴുവനും കീറിപ്പറിഞ്ഞ ചില ആദിവാസി സ്ത്രീകൾ, നഗ്നതമറയ്ക്കാൻ കഴിയാത്തതിനാൽ, ഇരുന്നിടത്തുനിന്നും എഴുന്നേല്ക്കാൻ കഴിയാതെ താലൂക്കാസ്പത്രിയിൽ ഉണ്ട്. അവർക്ക് വസ്ത്രവുമായി രണ്ടു പ്രാവശ്യം ആസ്പത്രിയിലെത്തിയ സന്നദ്ധ പ്രവർത്തകരെ പോലീസ് വിരട്ടിപോലും. കാവൽ നില്ക്കുന്ന പോലീസ് പറയുന്നു, പരിക്കേറ്റവർ പോലീസ് കസ്റ്റഡിയിലായതിനാൽ തുണി നല്കണമെങ്കിൽ സി.ഐ.യുടെ അനുവാദം വേണമെന്ന്. സി.ഐ.യുടെ നിലപാട് R.D.O. യുടെ അനുവാദം വേണമെന്നാണ്. ജുഡീഷ്യൽ മജിസ്ട്രേറ്റ് കല്പിക്കാതെ നഗ്നതമറയ്ക്കാൻ തുണി നല്കാനാവില്ലെന്നാണ് R.D.O. യ്ക്ക് പറയാനുള്ളത്!! ഇവിടെ പ്രശ്നം ഉടുതുണിയാണ്. ആദിവാസി സ്ത്രീകൾക്ക് നഗ്നത മറയ്ക്കാൻ ആരുടെയാണ് അനുവാദം ആവശ്യമെന്ന് നിയമത്തിന്റെയും നീതിവ്യവസ്ഥയുടെയും തമ്പുരാക്കന്മാർക്ക് പറയാൻ കഴിയുമോ? പരിക്കേറ്റ് ആസ്പത്രിയിൽ കിടക്കുന്നവർക്ക്, അവർ കുറ്റവാളികളാണെങ്കിൽപോലും ഉടുതുണി നിഷേധിച്ച പോലീസും സിവിൽ ഭരണാധികാരികളും നീതി പീഠങ്ങളും ഭരണഘടനയുടെയും മനുഷ്യാവകാശങ്ങളുടെയും ഘാതകരും ശിക്ഷാർഹരുമാണ്.

## കള്ളം പറയാനറിയാത്തവർ:

ബത്തേരി താലൂക്കാസ്പത്രിയിൽ ചികിത്സയിൽ കഴിയുന്ന ആദിവാസികളിൽ അധികം പേരുടെയും പരിക്ക് ഗുരുതരമാണ്. പോലീസിന്റെ നിഷ്ഠുരമായ പീഡനത്തെപ്പറ്റി പറയുന്നിടത്തുപോലും ആദിവാസികളുടെ സത്യസന്ധത ശ്രദ്ധിക്കുക. പയ്യമ്പിള്ളി സ്വദേശി മാരൻ എന്ന യുവാവിന്റെ കാലിൽ കാണപ്പെടുന്ന ആഴത്തിലുള്ള മുറിവ് പോലിസിന്റെ വെടിയേറ്റതാണെന്ന് പറഞ്ഞാൽ ആരും സംശയിക്കില്ല. എന്നാൽ, അന്നത്തെ പോലീസ് ലാത്തിയടിയ്ക്കിടയിൽ സുഹൃത്തിന്റെ കയ്യിലുണ്ടായിരുന്ന കത്തി തെറിച്ച് തന്റെ കാലിൽ വീണപ്പോഴുണ്ടായ മുറിവാണതെന്നാണ് മാരൻ പറഞ്ഞത്! മറ്റൊരാദിവാസിയായ ചാമിയും അയാളുടെ ഭാര്യയും മറ്റൊരു കട്ടിലിൽ അവശരായി കിടക്കുന്നുണ്ട്. ചാമിയുടെ ശരീരത്തിലും പോലീസ് ഭീകരതയുടെ വലിയ കറുത്ത പാടുകൾ നിരവധിയാണ്. മുറിവുകൾ പലതും ഉണങ്ങിവരുന്നേയുള്ളൂ. ചാമിയുടെ വലതു കയ്യിന്റെ കുഴയിൽ കാണുന്ന വലിയ മുറിവിനെപ്പറ്റി ചോദിച്ചതിന്, അടുത്തനാളിൽ കാട്ടിലെ ഒരു കുഴിയിൽ വീണ് ഒടിഞ്ഞതാണെന്നും പോലീസ് ആക്രമണവുമായി അതിന് ബന്ധമില്ലെന്നും ചാമി പറഞ്ഞു. നുണകൾ മാത്രം പറഞ്ഞ് തഴമ്പേറിയ ഭരണകർത്താക്കൾക്കും രാഷ്ട്രീയ പ്രഭുക്കന്മാർക്കും ആദിവാസിയുടെ സത്യസന്ധത മനസ്സിലാകുമോ?

## മനുഷ്യത്വത്തിന്റെ മഹാക്ഷേത്രങ്ങൾ :

മുഖ്യധാരയിലെ പരിഷ്കൃതരായ നാമൊക്കെ ആദിവാസിയെ കാണുന്നത് സംസ്ക്കാരത്തിൽ ഏറെ പിന്നോക്കം നില്ക്കുന്നവരെന്ന നിലയ്ക്കാണ്. ബസ് സ്റ്റോപ്പിലെത്തിയാൽ മറ്റെല്ലാവരേയും തള്ളിയും ചവിട്ടിയും പിന്നിലാക്കി മുമ്പേ കയറി സീറ്റ് പിടിയ്ക്കുന്ന, കൈക്കൂലിയും കോഴയും കൊടുത്ത് യോഗ്യരെ മറികടന്ന് സ്വന്തം കസേരയെ ഉറപ്പിക്കുന്ന, ആപത്ഘട്ടങ്ങളിൽ സ്വന്തം ജീവൻ രക്ഷിക്കാൻ മറ്റുള്ളവരെ ദുരന്തത്തിലേക്ക് തള്ളുന്ന, കപട സദാചാരവും, കപട ദേശീയതയും,കപട മതേതരത്വവും വാമൊഴിയായി ചുമന്നു നടക്കുന്ന നമ്മിലധികം പേർക്കും അവകാശപ്പെടാൻ കഴിയാത്ത മാനവികതയും മനുഷ്യത്വവും ആദിവാസിയുടെ അത്യുദാത്തമായ മൂല്യസംസ്ക്കാരത്തിന്റെ സത്യവാങ്മൂലങ്ങളാണ്. അടിയേറ്റും വെടിയേറ്റും ആദിവാസികളായ സ്ത്രീ-പുരുഷന്മാർ ചിതറിയോടിയപ്പോൾ, കാട്ടിൽ വീണു പിടയുന്ന ആദിവാസി കുഞ്ഞുങ്ങളെ - അവരിൽ പലർക്കും മുറിവേറ്റിരുന്നു - എടുത്തു മാറോടണച്ചുകൊണ്ട് മൈലുകൾ ഓടിയവരുണ്ട്. ഒരേസമയം മൂന്ന് ശിശുക്കളെ താങ്ങിയെടുത്ത് വനത്തിലൂടെ ഓടി, ഒടുവിൽ പോലീസിന്റെ വലയിൽ ചെന്നുപെട്ട മുറിവേറ്റ സ്ത്രീകളുണ്ട്. തങ്ങളുടെ പെറ്റമ്മമാരെ കണ്ടെത്തും വരെ അത്തരം കുഞ്ഞുങ്ങളെ മുലയൂട്ടിയും പരിചരിച്ചും അവരുടെ സംരക്ഷണം മുഴുവനായും ഏറ്റെടുത്ത യുവതികളെയും വൃദ്ധകളെയും പനമരം, മൊണ്ടേരി ക്യാമ്പുകളിൽ കാണാൻ കഴിഞ്ഞു. ആദിവാസിക്ക് എല്ലാ കുഞ്ഞുങ്ങളും സ്വന്തം എന്നപോലെയാണ്. മാതാപിതാക്കൾ എയ്ഡ്സ് രോഗത്താൽ മരിച്ചതിന്റെ പേരിൽ പിഞ്ചോമനകൾക്ക് സ്കൂൾ വിദ്യാഭ്യാസം നിഷേധിച്ച "ദൈവത്തിന്റെ സ്വന്തം നാടേ" ലജ്ജിക്കുക! ■

# ശബ്ദമില്ലാത്തവരുടെ ശബ്ദം

## The Voice of the voiceless

**അബ്രഹാം ബെൻഹർ**

**മു**റിവേറ്റ ഒരു പടയാളിയുടെ ശബ്ദമാണിതു;
ശബ്ദമില്ലാത്തവർക്ക് വേണ്ടി ശബ്ദിക്കുന്നവന്റെ ശബ്ദം.
മുത്തൻകാവിലെ വെടിയൊച്ചയുടേയും കൂട്ടക്കരച്ചിലിന്നുമിടയിൽ
എന്റെ ശബ്ദം കേൾക്കുകയില്ലല്ലോ.
കാക്കിവേഷധാരികളുടെ തേരോട്ടത്തിന്നിടയിൽ
എന്നെ നിങ്ങൾ കാണുകയില്ലല്ലോ.....
ഒരു പാവം, അടിയാത്തിപ്പെണ്ണിനേയും,
അവളുടെ സഹായിയേയും
ഭരണകൂടം ബന്ധിച്ചതിന്റെ, ഫോട്ടോ പ്രദർശനത്തോടെ
അക്ഷരക്കച്ചവടക്കാരുടെ ഉത്സവവും കഴിഞ്ഞു....
ഹാ: കഷ്ടം: ഇവരൊന്നും അറിയുന്നില്ലല്ലോ..
ചരിത്രാതീതകാലത്തെ, സിന്ധുനാഗരികതയുടെ
പാരമ്പര്യമേറ്റുവാങ്ങി വരുന്ന,
പ്രാചീന ജനപദങ്ങളുടെ ഈ കുടിയേറ്റ ഭൂമി,
നൂൽപ്പുഴയുടെ തീരത്തെ ഈ മുത്തപ്പൻ കാവ്,
കിടപ്പാടമില്ലാത്തവരുടെ ശവപ്പറമ്പായി
തീർന്നതെങ്ങിനെയെന്ന്
ഹാ, കഷ്ടം, ഇവരാരും അറിയുന്നില്ലല്ലോ.
ഈ മുത്തപ്പൻ കാവിലൂടെ കടന്നുപോകുന്നത്
ദേശീയപാത 212 ആണെന്നും,
അതിലൂടൊഴുകുന്നത്
ബെൻസും, ഫോർഡും, ടൊയോട്ടയും, ആണെന്നും,
അതെല്ലാം മൾട്ടിനാഷണൽ കമ്പനികളുടേതാണെന്നും
അനാഥരായ ഈ കുടിയേറ്റക്കാർക്ക് അറിയില്ലല്ലോ.
കാവേരിയുടെ കൈവഴി തീർത്ത പൊൻകുഴിക്കരികിലെ
ഈ തറവാട്ടു ഭൂമി,
നീലഗിരി ബയോസ്ഫിയറിൽപെട്ടതാണെന്നും
ഏഷ്യാറ്റിക്ക് എലിഫെന്റ്സിന്റെ വഴിത്താരയാണെന്നും,
വൈൽഡ് ലൈഫ് സാങ്ച്വറിയാണെന്നും
വേൾഡ് ബാങ്കിന്ന് പണയം വെച്ചതാണെന്നും,
ഐ.എം.എഫിൽ നിന്നും, ഏ.ഡി.ബിയിൽ നിന്നും,
ലോണെടുത്തിട്ടുണ്ടെന്നും,
അവരുടെ കയ്യിൽ സായിപ്പിന്റെ കരിന്തണ്ടൻ ചങ്ങലയുണ്ടെന്നും
കിടപ്പാടവും, ശവപ്പറമ്പുമില്ലാത്ത,
ഈ അടിയാള ജനം അറിഞ്ഞില്ലല്ലോ...
ഫോറസ്റ്റ് മാഫിയ ക്ലിയർ ഫില്ലു ചെയ്തതാണെന്നും
ബിർളക്ക് വേണ്ടി ഗ്രാന്റീസ് നട്ടസ്ഥലമാണെന്നും,
ബ്യൂറോക്രാറ്റ്സിനും, പാർട്ടിമേലാളർക്കും വേണ്ടി
തേക്കിൻ തോട്ടം നട്ടുവളർത്തുകയാണെന്നും,
കിടപ്പാടം തേടിപ്പോയ,
ഈ അടിയാള ജനതക്കറിയില്ലായിരുന്നല്ലോ...
അധഃസ്ഥിതിവർഗ്ഗത്തിന്റെ ഉദ്ധാരണം ലക്ഷ്യമാക്കുന്ന ക്ഷേമ
രാഷ്ട്രം അന്തഃസത്തയായുള്ള, ഇന്ത്യൻ ഭരണഘടന,
തങ്കലിപികളിലെഴുതി, പട്ടിൽ പൊതിഞ്ഞു,
രാഷ്ട്രപതിയുടെ അലമാരക്കകത്തുണ്ടെന്നകാര്യം,
നൂറ്റാണ്ടുകളായി അടിമവേലക്കാരായിരുന്ന ഈ കുടിയേറ്റജനത
ക്കറിയില്ലല്ലോ...
കിടപ്പാടം തേടിപ്പോയവരെ സഹായിക്കാനെത്തിയ
അടിയാളൻ ജോഗിയുടെ നെഞ്ചിലേറ്റ വെടി,
ഇന്ത്യൻ ഭരണഘടനയുടെ നെഞ്ചിലേക്കാണെന്നും,
മനുഷ്യത്വം ഭരണകൂടത്തിന്നും മുകളിലാണെന്നും,
അധികാരത്തിന്റെ അഹങ്കാരത്തിൽ
അട്ടഹസിക്കുന്ന അല്പജ്ഞാനികളായ
ജനപ്രതിനിധികളറിയുന്നില്ലല്ലോ....
ഹാഃ കഷ്ടം, കണ്ണുനീർകൊണ്ടു ഒന്നും കാണാൻ കഴിയുന്നില്ല
തേങ്ങിക്കരച്ചിന്നിടയിൽ ഒന്നും
പറയാൻ കഴിയുന്നില്ല. ■



**ആദിവാസികൾ ഗോത്രസഭയുടെ ഭരണസിരാകേന്ദ്രം ഇവിടെയായിരുന്നു. ബന്ദികളെ പാർപ്പിച്ചിരുന്നതും പോലീസ് ആദിവാസികളെ വെടിവെച്ചു വീഴ്ത്തിയതും ഇവിടെ. പോലീസ് തീവെച്ച പച്ചമുളക്കൂട്ടം പിന്നിൽ കാണാം.**



ബത്തേരി – കേണിച്ചിറ റോഡിനോടുചേർന്ന് വാകേരിയിൽ സി.പി എ
വനത്തിൽ കെട്ടിയുണ്ടാക്കിയിരിക്കുന്ന ആദിവാസികുടിലുകളുടെ ഒ

# പ്രസക്തി

*ദീർഘകാലത്തെ വഞ്ചനയുടെ ചരിത്രം മാത്രമാണ് ഇന്ന് ആദിവാസികൾക്ക് പറയാനുള്ളത്. അവരോട് സമീപ ഭൂതകാലത്തിൽ ചെയ്ത വാഗ്ദാനവഞ്ചനയുടെ പകർപ്പ് ജനനീതി പ്രസിദ്ധീകരിക്കുകയാണ്. മുഖ്യമന്ത്രിയുടെ, മറ്റു മന്ത്രിമാരുടെ, ഉയർന്ന ഉദ്യോഗസ്ഥരുടെ കൈയ്യൊപ്പു പതിച്ചത്! അതോടൊപ്പം തന്നെ കേരളം ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത അഞ്ചാം ഷെഡ്യൂളിന്റെ പകർപ്പും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. മിണ്ടിത്തുടങ്ങിയവരെ നിശ്ശബ്ദരാക്കിയും നീതിയ്ക്കു വേണ്ടി കേഴുന്നവർക്ക് വെടിയുണ്ട നൽകിയും നാട് മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, ഈ രേഖകൾ സ്വയം സംസാരിയ്ക്കട്ടെ.*

## ആദിവാസി അഭയാർത്ഥി ക്യാമ്പ് അവസാനിപ്പിക്കുന്നതിനുമുമ്പ് സർക്കാർ നൽകിയ ഉറപ്പ്

**ആ**ദിവാസി സമരം ഒത്തുതീർക്കുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 2001 ഒക്ടോബർ മാസം 16-ാം തീയതി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ.

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. വിശദമായ ചർച്ചയ്ക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ആദിവാസി നേതാക്കൾ മുന്നോട്ടുവച്ച ഓരോ കുടുംബത്തിനും 5 ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാധ്യമാകുന്ന സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രോജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 5 ഏക്കർ ഭൂമിവീതം നൽകുവാൻ തീരുമാനിച്ചു. മറ്റുസ്ഥലങ്ങളിൽ ഭൂരഹിതരോ ഒരേക്കറിൽ കുറഞ്ഞ ഭൂമിയോ ഉള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അഞ്ച് ഏക്കർ വരെയും വിതരണം ചെയ്യുന്നതാണ്. ഭൂവിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.
2. ഇപ്രകാരം നൽകുന്ന ഭൂമിയിൽ നിന്ന് ജീവിക്കുവാൻ ആവശ്യമായ വരുമാനം ഉണ്ടാക്കുവാൻ കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ട് ആദിവാസി കുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനം ഉണ്ടാകുന്നതിന് സഹായകമായ തൊഴിൽ സൗകര്യങ്ങളും മറ്റു സംരംഭങ്ങളും അഞ്ചുവർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.
3. 1999-ലെ 'കേരള സംസ്ഥാന പട്ടികവർഗ്ഗ ഭൂമികൈമാറ്റ നിയന്ത്രണം – അന്യാധീന ഭൂമി വീണ്ടെടുക്കൽ നിയമം' നടപ്പിലാക്കുന്നത് നിലവിലുള്ള കേസുകളിൽ സുപ്രീം കോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതിയതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും ഷെഡ്യൂൾഡ് ഏരിയാ ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തും.
5. ആദിവാസികളുടെ സർവ്വതോൻമുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഒരു മിഷൻ മാതൃകയിൽ സമയബന്ധിതമായി പത്താം പഞ്ചവത്സരപദ്ധതിയുടെ തുടക്കം മുതൽതന്നെ നടപ്പിലാക്കുന്നതുമാണ്.
6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.
7. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായ ഭൂമി, പ്രത്യേകിച്ചും നിക്ഷിപ്ത വനഭൂമി, പരമാവധി (കേന്ദ്രസർക്കാരിന്റെ അനുമതിയോടെ) കണ്ടുപിടിച്ച് സമയബന്ധിതമായി വിതണം ചെയ്ത് അധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.
8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം ഉടൻ പിൻവലിക്കുന്നതാണ്.

ഒപ്പ്
**പി.കെ. ശിവാനന്ദൻ,** പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

ഒപ്പ്
**വി. കൃഷ്ണ മൂർത്തി,** ചീഫ് സെക്രട്ടറി

ഒപ്പ്
**ഡോ. എം.എ. കുട്ടപ്പൻ,**
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

ഒപ്പ്
**എ.കെ. ആന്റണി,** മുഖ്യമന്ത്രി

**Annexure**

**LIST OF PARTICIPANTS**

**Representing Government**

1. Shri. A.K. Antony, Chief Minister
2. Shri. K.M. Mani, Minister (Revenue)
3. Shri. K. Sankaranarayanan, Minister (Finance)
4. Smt. K.R. Gouri Amma, Minister (Agri & Coir)
5. Shri P.K. Kunhalikutty, Minister (Industries)
6. Dr. M.A. Kuttappan, Minister (B & SC)
7. Shri. C.F. Thomas, Minister (Rural Development)
8. Shri. V. Krishna Moorthy, Chief Secretary
9. Shri. Gopal Krishna Pillai, Prl. Secretary to CM
10. Shri. P.K. Sivanandan, Prl. Secretary To (SC/ST)
11. Shri. Palatu Mohandas, Agricultural Production Commissioner
12. Shri. V.S. Senthil, Secretary (Fin-Expn.)
13. Shri. Sajan Peter, Secretary (Revenue)
14. Shri. S.M. Vijayanand, Secretary (Planning)
15. Shri. P. Kamalkutty, Secretary (LSG)
16. Shri. Ramkumar, Secretary (LAW)
17. Shri. E.K. Bharat Bhushan, Secretary (Forest)
18. Shri. L. Natarajan, Secretary (SC/ST Devpt. Dept.)
19. Shri. V.S. Varghese, Chief Conservator of Forest (prot.)
20. Shri. S. Sukumaran, Director (ST Devlp. Department)
21. Shri. Alkesh K. Sharma, Director (Tourism)

**Representing Adivasi Dalit Samara Samithi**

1. Smt. C.K. Janu, Chair Person, Adivasi Dalit Samara Samithi
2. Shri. M. Geethanandan, Adivasi Dalit Samara Samithi
3. Sunney M. Kapicadu, Adivasi Dalit Samara Samithi
4. Shri. R. Prasad, Adivasi Dalit Samara Samithi
5. Shri. C.R. Bijoy, Adivasi Dalit Samara Samithi
6. Shri. M.K. Narayanan, Poochapara, Adivasi Dalit Samara Samithi



ം.ന്റെ സംരക്ഷണയിൽ
ുഭാഗം

## പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ

### (പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ)നിയമം, 1996

1. ഈ നിയമത്തെ 1996ലെ പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ (പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) നിയമം എന്ന് വിളിക്കേണ്ടതാണ്.

2. ഈ നിയമത്തിൽ, സന്ദർഭം മറ്റുതത്തിൽ ആവശ്യപ്പെടാത്തിടത്തോളം, പട്ടികപ്രദേശം എന്നാൽ ഭരണഘടനയുടെ 244-ാം ആർട്ടിക്കിളിലെ (1)-ാം ക്ലോസിൽ പരാമർശിക്കപ്പെടുന്ന പട്ടിക പ്രദേശം എന്നാണർത്ഥം.

3. ഈ നിയമത്തിലെ 4-ാം സെക്ഷനിൽ വ്യവസ്ഥപ്പെടുത്തിയ ഒഴിവാക്കലുകൾക്കും പരിഷ്ക്കരണങ്ങൾക്കും വിധേയമായി ഭരണഘടനയുടെ IX-ാം ഭാഗത്തിലെ പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ ഇതിനാൽ പട്ടികവർഗ്ഗപ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു.

4. ഭരണഘടനയുടെ IX-ാം ഭാഗത്തിനുകീഴിൽ ഉൾപ്പെട്ടിട്ടുള്ള എന്തുതന്നെ ഉണ്ടെങ്കിലും താഴെപ്പറയുന്ന സവിശേഷ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത യാതൊരു നിയമനിർമ്മാണവും IX-ാം ഭാഗത്തിനുകീഴിൽ ഒരു സംസ്ഥാന നിയമസഭയും നടത്താൻ പാടുള്ളതല്ല.

(a) പഞ്ചായത്തുകളെ സംബന്ധിച്ചുനടത്തുന്ന ഏതൊരു സംസ്ഥാന നിയമനിർമ്മാണവും ആചാരപരമായ നിയമങ്ങൾക്കും സാമൂഹികവും മതപരവുമായ ആചാരങ്ങൾക്കും സമുദായ സമ്പത്ത് നോക്കിനടത്തുന്നതിന്റെ പരമ്പരാഗതമായ രീതികൾക്കും അനുസൃതമായിരിക്കണം.

(b) സ്വന്തം കാര്യങ്ങൾ പാരമ്പര്യത്തിനും ആചാരങ്ങൾക്കും അനുസൃതമായി നോക്കിനടത്തുന്ന ഒരു സമുദായത്തെ ഉൾക്കൊള്ളുന്ന ആവാസ കേന്ദ്രമോ അല്ലെങ്കിൽ ഒരു കൂട്ടം ആവാസ കേന്ദ്രങ്ങളോ അല്ലെങ്കിൽ ഒരു ഊരോ ഒരു കൂട്ടം ഊരുകളോ അടങ്ങുന്നതായിരിക്കും ഒരു സാധാരണ ഗ്രാമം.

(c) ഗ്രാമതലത്തിലുള്ള പഞ്ചായത്തുകളുടെ വോട്ടർ പട്ടികയിൽ പേർ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളടങ്ങുന്ന ഒരു ഗ്രാമസഭ ഓരോ ഗ്രാമത്തിനും ഉണ്ടായിരിക്കുന്നതാണ്.

(d) ഓരോ ഗ്രാമസഭയും ജനങ്ങളുടെ പാരമ്പര്യങ്ങളും ആചാരങ്ങളും അവരുടെ സാംസ്കാരിക സ്വത്വവും സമുദായ സമ്പത്തും തർക്കപരിഹാരത്തിനുള്ള പാരമ്പര്യ രീതികളും സംരക്ഷിക്കാനും കാത്തുസൂക്ഷിക്കാനും പ്രാപ്തമായിരിക്കേണ്ടതാണ്.

(i) പഞ്ചായത്തുകൾ ഗ്രാമതലത്തിൽ സാമൂഹികവും സാമ്പത്തികവുമായ വികാസത്തിനുള്ള ഏതെങ്കിലും ആസൂത്രണങ്ങളോ പരിപാടികളോ പദ്ധതികളോ നടപ്പിലാക്കാൻവേണ്ടി ഏറ്റെടുക്കുന്നതിനുമുൻപ് അത്തരം പദ്ധതികളോ പരിപാടികളോ ആസൂത്രണങ്ങളോ ഗ്രാമസഭ അംഗീകരിച്ചിരിക്കണം.

(ii) ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെയും മറ്റു പരിപാടികളുടെയും ഗുണഭോക്താക്കളാകാനുള്ള വ്യക്തികളെ തിരിച്ചറിയുകയോ തെരഞ്ഞെടുക്കുകയോ ചെയ്യുന്നതിന് ഓരോ ഗ്രാമസഭയ്ക്കും ഉത്തരവാദിത്വമുണ്ടായിരിക്കും.

(f) ഓരോ പഞ്ചായത്തും ഗ്രാമതലത്തിൽ ക്ലോസ്(ഇ)യിൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്കും പരിപാടികൾക്കും ആസൂത്രണങ്ങൾക്കും വേണ്ടിയുള്ള ധനവിനിയോഗം നടത്താനായി ഗ്രാമസഭയുടെ സാക്ഷ്യപത്രം വാങ്ങിയിരിക്കേണ്ടതാണ്.

(g) ഓരോ പഞ്ചായത്തിലും പട്ടികപ്രദേശത്തിലുള്ള സീറ്റുകളുടെ സംവരണം ഭരണഘടനയുടെ 9-ാം ഭാഗത്തിൽ സംവരണം നൽകാനായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള സമുദായങ്ങളുടെ അതത് പഞ്ചായത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായിരിക്കേണ്ടതാണ്.

ഇത് പട്ടികവർഗ്ഗങ്ങൾക്കുള്ള സംവരണം ആകെ സീറ്റുകളുടെ രണ്ടിലൊന്നിൽ കുറയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായിരിക്കേണ്ടതാണ്.

ഇത് പഞ്ചായത്തുകളുടെ എല്ലാ തലങ്ങളിലുമുള്ള അദ്ധ്യക്ഷപദവിയിലേക്കുള്ള എല്ലാ സീറ്റുകളും പട്ടികവർഗ്ഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥയ്ക്കും വിധേയമായിരിക്കും.

(h) ഇടത്തട്ടിലുള്ള പഞ്ചായത്തിലോ ജില്ലാതലത്തിലുള്ള പഞ്ചായത്തിലോ ഒരു പ്രാതിനിധ്യവുമില്ലാത്ത പട്ടികവർഗ്ഗങ്ങളിൽപെട്ട വ്യക്തികളെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആകെ അംഗങ്ങളുടെ പത്തിലൊന്നിൽ കവിയാൻപാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടായിരിക്കും.

(i) വികസനപദ്ധതികൾക്കായി പട്ടികപ്രദേശങ്ങളിലെ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുമുൻപായും പട്ടികപ്രദേശങ്ങളിൽ അത്തരം പ്രോജക്ടുകളാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ പുനരധിവസിപ്പിക്കുകയോ മാറ്റിപാർപ്പിക്കുകയോ ചെയ്യുന്നതിനുമുൻപായും ഉചിതമായ തലങ്ങളിലെ ഗ്രാമസഭയുമായോ പഞ്ചായത്തുകളുമായോ കൂടിയാലോചിക്കേണ്ടതാണ്. പട്ടിക പ്രദേശങ്ങളിലെ പദ്ധതികളുടെ യഥാർത്ഥത്തിലുള്ള ആസൂത്രണവും നടത്തിപ്പും സംസ്ഥാന തലത്തിലാണ് ഏകോപിപ്പിക്കപ്പെടുക.

(j) പട്ടികപ്രദേശങ്ങളിലെ ചെറുജലാശയങ്ങളുടെ ആസൂത്രണവും നോക്കിനടത്തിപ്പും ഉചിതമായ തലങ്ങളിലുള്ള പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണ്.

(k) പട്ടികപ്രദേശങ്ങളിലെ ചെറു ധാതുക്കളുടെ ഖനനലൈസൻസോ, ഖനനപാട്ടമോ അനുവദിക്കുന്നതിനു മുൻപായി ഉചിതമായ തലത്തിലുള്ള ഗ്രാമസഭയുടെയോ പഞ്ചായത്തുകളുടെയോ ശുപാർശകൾ നിർബന്ധിതമായിരിക്കും.

(l) ചെറു ധാതുക്കൾ ചൂഷണം ചെയ്യുന്നതിനായി ലേലത്തിലൂടെ അനുവാദം നൽകുന്നതിന് ഉചിതമായ തലത്തിലുള്ള ഗ്രാമസഭയുടെയോ പഞ്ചായത്തുകളുടെയോ മുൻകൂർ ശുപാർശ നിർബന്ധിതമായിരിക്കും.

(m) സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് പട്ടികപ്രദേശങ്ങളിലെ പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിന് ആവശ്യമായേക്കാവുന്ന അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും അവയ്ക്ക് നൽകുമ്പോൾ ഉചിതമായ തലത്തിലുള്ള പഞ്ചായത്തുകൾക്കും ഗ്രാമസഭയ്ക്കും താഴെപ്പറയുന്ന സവിശേഷമായ അധികാരങ്ങൾ നൽകപ്പെടുന്നുണ്ട് എന്ന് സംസ്ഥാന നിയമസഭ ഉറപ്പുവരുത്തേണ്ടതാണ്.

(i) മദ്യനിരോധനം നടപ്പിൽവരുത്താനോ ഏത് ലഹരി പദാർത്ഥത്തിന്റെയും വിൽപനയും ഉപഭോഗവും പരിമിതപ്പെടുത്താനോ നിയന്ത്രിക്കാനോ ഉള്ള അധികാരം.

(ii) ചെറു വനവിഭവങ്ങളുടെ ഉടമസ്ഥത.

(iii) പട്ടികപ്രദേശങ്ങളിലെ ഭൂമിയുടെ അന്യാധീനപ്പെടൽ തടയാനും ഒരു

പട്ടികജാതിക്കാരന്റെ നിയമവിരുദ്ധമായി അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കാനായുള്ള ഉചിതമായ നടപടി എടുക്കാനും ഉള്ള അധികാരം.

(iv) ഗ്രാമച്ചന്തകൾ ഏത് പേരിലറിയപ്പെട്ടാലും അവ നോക്കി നടത്താനുള്ള അധികാരം.

(v) പട്ടികവർഗ്ഗക്കാർക്ക് പണം കടംകൊടുക്കുന്നതിനുമേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

(vi) എല്ലാ സാമൂഹ്യമണ്ഡലങ്ങളിലും ഉള്ള സ്ഥാപനങ്ങളുടെയും നിർവ്വാഹകരുടെയുംമേൽ നിയന്ത്രണം വിനിയോഗിക്കാനുള്ള അധികാരം.

(vii) പ്രാദേശിക പദ്ധതികളെയും പട്ടികവർഗ്ഗ ഉപപദ്ധതി അടക്കമുള്ള അത്തരം പദ്ധതികൾക്കായുള്ള വിഭവങ്ങളെയും നിയന്ത്രിക്കാനുള്ള അധികാരം.

(n) പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായേക്കാവുന്ന അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും നൽകുന്ന സംസ്ഥാന നിയമനിർമ്മാണങ്ങളിൽ കീഴ്ത്തട്ടിലുള്ള പഞ്ചായത്തിന്റെയോ ഗ്രാമസഭയുടെയോ അധികാരങ്ങളും നിർവ്വഹണാധികാരങ്ങളും മേൽത്തട്ടിലുള്ള പഞ്ചായത്തുകൾ കയ്യാളുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള സുരക്ഷാ സംവിധാനങ്ങൾ ഉള്ളടങ്ങയിരിക്കേണ്ടതാണ്.

(o) ജില്ലാതലങ്ങളിലുള്ള പഞ്ചായത്തുകളിലെ ഭരണസംവിധാനങ്ങൾ പട്ടികപ്രദേശങ്ങളിൽ രൂപപ്പെടുത്തുമ്പോൾ ഭരണഘടനയുടെ VI-ാം പട്ടികയുടെ ഘടന നിലനിർത്താൻ സംസ്ഥാന നിയമസഭ ശ്രമിക്കേണ്ടതാണ്.

5. ഈ നിയമത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒഴിവാക്കലുകളോടെയും പരിഷ്കരണങ്ങളോടെയും ഭരണഘടനയുടെ 9-ാം ഭാഗത്തിലെ അത്തരം ഒഴിവാക്കലുകളോടെയും പരിഷ്കരണങ്ങളോടെയും ഉള്ള വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത, ഈ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്ന തീയതിക്ക് തൊട്ടുമുൻപ് പട്ടികപ്രദേശങ്ങളിൽ പ്രാബല്യത്തിൽ ഇരിക്കുന്ന പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഏത് നിയമത്തിലെയും ഏത് വ്യവസ്ഥയും ഒരു ഉചിതമായ നിയമനിർമ്മാണസഭയാലോ അല്ലെങ്കിൽ മറ്റ് ഉചിതമായ അധികാരസ്ഥാപനങ്ങളാലോ ഭേദഗതി ചെയ്യപ്പെടുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ഈ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നത് മുതൽ ഒരു വർഷം കഴിയുന്നതുവരെയോ പ്രാബല്യത്തിൽ തുടരേണ്ടതാണ്.

ഇത് ആ തീയതിക്ക് തൊട്ടുമുൻപേ നിലനിന്നുപോരുന്ന എല്ലാ പഞ്ചായത്തുകളും ആ സംസ്ഥാനത്തിലെ ലെജിസ്ലേറ്റീവ് അസംബ്ലിയോ, ലെജിസ്ലേറ്റീവ് അസംബ്ലിയും ലെജിസ്ലേറ്റീവ് കൗൺസിലുമുള്ള സംസ്ഥാനങ്ങളിൽ ഇവയിലോരോ സഭകളുമോ, ഈ പഞ്ചായത്തുകൾ പിരിച്ചുവിടാനുള്ള പ്രമേയം പാസ്സാക്കുന്നില്ലെങ്കിൽ അവയുടെ കാലാവധി തീരും വരേക്കും പ്രാബല്യത്തിൽ തുടരേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും. ■

V-ാം പട്ടിക, [ആർട്ടിക്കിൾ 244 (1) ]

## പട്ടികപ്രദേശങ്ങളുടെയും പട്ടികവർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ

### പാർട്ട് എ, പൊതുവായത്

1. വ്യാഖ്യാനം : ഈ പട്ടികയിൽ, സന്ദർഭം മറ്റു നിലയിൽ ആവശ്യപ്പെടാത്തിടത്തോളം, സംസ്ഥാനം എന്ന പ്രയോഗത്തിൽ ആസാം, മേഘാലയ, ത്രിപുര, മിസോറാം തുടങ്ങിയ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നില്ല.

2. പട്ടിക പ്രദേശങ്ങളിൽ ഒരു സംസ്ഥാനത്തിനുള്ള കാര്യനിർവ്വഹണാധികാരം : ഈ പട്ടികയിലെ വ്യവസ്ഥകൾ വിധേയമായി, ഒരു സംസ്ഥാനത്തിന്റെ കാര്യനിർവ്വഹണാധികാരം ആ സംസ്ഥാനത്തെ പട്ടികപ്രദേശങ്ങളിലേക്കും വ്യാപിക്കുന്നു.

3. പട്ടികപ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച് ഗവർണർ പ്രസിഡന്റിന് സമർപ്പിക്കേണ്ട റിപ്പോർട്ട്: പട്ടികപ്രദേശങ്ങളുള്ള സംസ്ഥാനത്തെ ഗവർണർ വാർഷികമായി, അല്ലെങ്കിൽ പ്രസിഡന്റ് ആവശ്യപ്പെടുന്ന ഏതു സമയത്തും ആ സംസ്ഥാനത്തെ പട്ടിക പ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസിഡന്റിന് സമർപ്പിക്കുകയും പ്രസ്തുത പട്ടികപ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് യൂണിയൻ ഗവൺമെന്റിന്റെ കാര്യനിർവ്വഹണാധികാരം വ്യാപിപ്പിക്കുകയും വേണം.

### പാർട്ട് ബി

### പട്ടികപ്രദേശങ്ങളുടെയും പട്ടികവർഗ്ഗക്കാരുടെയും ഭരണവും നിയന്ത്രണവും

4. ട്രൈബ്സ് അഡ്വൈസറി കൗൺസിൽ:

(1) പട്ടികപ്രദേശങ്ങളുള്ള ഓരോ സംസ്ഥാനത്തും, കൂടാതെ പ്രസിഡന്റ് ആവശ്യപ്പെടുകയാണെങ്കിൽ പട്ടികവർഗ്ഗക്കാരുണ്ടെങ്കിലും പട്ടികപ്രദേശങ്ങൾ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത ഏത് സംസ്ഥാനത്തും, ഒരു ട്രൈബൽ അഡ്വൈസറി കൗൺസിൽ രൂപീകരിക്കേണ്ടതും പ്രസ്തുത ട്രൈബൽ അഡ്വൈസറി കൗൺസിലിൽ ഇരുപതിൽ കവിയാത്ത അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതും ഇവർ സാദ്ധ്യമാകുന്നിടത്തോളം ആ സംസ്ഥാനത്തെ നിയമസഭയിലെ പട്ടികവർഗ്ഗ പ്രതിനിധികളുടെ എണ്ണത്തിന്റെ 3/4 ഭാഗമായിരിക്കേണ്ടതുമാണ്.

ഇത് സംസ്ഥാന നിയമസഭയിലെ പട്ടികവർഗ്ഗ പ്രതിനിധികളുടെ എണ്ണം അങ്ങിനെയുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രൈബ്രൽ അഡ്വൈസറി കൗൺസിലിലെ സീറ്റുകളുടെ എണ്ണത്തേക്കാൾ കുറവാണെങ്കിൽ, അവശേഷിക്കുന്ന സീറ്റുകൾ ആ പട്ടികവർഗ്ഗങ്ങളിലെ മറ്റ് അംഗങ്ങളെക്കൊണ്ട് പൂർത്തിയാക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും.

(2) ഗവർണർ ആരായുന്നതനുസരിച്ച് സംസ്ഥാനത്തെ പട്ടിക വർഗ്ഗങ്ങളുടെ ക്ഷേമവും പുരോഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിക്കുന്ന ഉപദേശം നൽകേണ്ട കടമ ട്രൈബൽ അഡ്വൈസറി കൗൺസിലിന്റേതാണ്.

(3) താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടോ, ക്രമീകരിച്ചുകൊണ്ടോ ഗവർണർക്ക് നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(a) കൗൺസിൽ അംഗങ്ങളുടെ എണ്ണം, അവരുടെ നിയമനത്തിന്റെ രീതി, അദ്ധ്യക്ഷൻ, ഉദ്യോഗസ്ഥർ, വേലക്കാർ എന്നിവരുടെ നിയമനം.

(b) കൗൺസിലിന്റെ മീറ്റിംഗുകൾ നടത്തലും അതിന്റെ നടപടിക്രമങ്ങൾ പാലിക്കലും.

(c) മറ്റ് സാന്ദർഭികമായുണ്ടാവുന്ന വിഷയങ്ങൾ.

5. പട്ടികപ്രദേശങ്ങൾക്ക് ബാധകമാകുന്ന നിയമം

(1) ഈ ഭരണഘടനയിൽ എന്തുതന്നെ ഉണ്ടായിരുന്നാലും, പാർലമെന്റിന്റെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെയോ ഏതെങ്കിലും പ്രത്യേക നിയമം ആ സംസ്ഥാനത്തിലെ ഒരു പട്ടികപ്രദേശത്തിനോ അല്ലെങ്കിൽ പട്ടിക പ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകി



**ആദിവാസികൾ വനത്തിൽ നിർമ്മിച്ചുവെന്ന് ഭരണകൂടവും പോലീസും വനംവകുപ്പും ആരോപിക്കുന്ന 'കിടങ്ങ്'! മുത്തങ്ങയിൽ മറ്റൊരിടത്തും വേറെ കിടങ്ങുകളില്ല.**

ല്ലെന്നോ ബാധകമാകുമെന്നോ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ സ്പഷ്ടമാക്കുന്ന ഒഴിവാക്കലുകൾക്കോ മാറ്റങ്ങൾക്കോ വിധേയമായും ഈ ഉപഖണ്ഡികയുടെ പരിധിയിൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കു വിധേയമായും ഗവർണർക്ക് പൊതുവായ വിജ്ഞാപനത്തിലൂടെ ഉത്തരവ് നൽകാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം പട്ടികപ്രദേശമായി തുടരുന്ന കാലയളവിൽ ആ പ്രദേശത്തിന്റെ സമാധാനത്തിനും സൽഭരണത്തിനും ആവശ്യമായ നിയമങ്ങൾ ഗവർണർക്ക് ഉണ്ടാക്കാവുന്നതാണ്.

പ്രത്യേകിച്ച് മേൽച്ചൊന്ന അധികാരങ്ങളുടെ പൊതുവായ സ്വഭാവത്തിന് വിരുദ്ധമാകാതെ അത്തരം ചട്ടങ്ങൾ:

(a) അത്തരം പ്രദേശങ്ങളിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾ അവർക്കിടയിലോ പുറത്തോ ഭൂമി കൈമാറ്റം ചെയ്യുന്നത് നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യേണ്ടതാണ്;

(b) അത്തരം പ്രദേശങ്ങളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് നിയന്ത്രിക്കേണ്ടതാണ്;

(c) അത്തരം പ്രദേശങ്ങളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്കിടയിൽ പണം പലിശയ്ക്ക് കൊടുക്കുന്ന ഇടപാടുകാരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണ്.

(3) ഈ ഖണ്ഡികയിലെ ഉപഖണ്ഡിക (2) ൽ പരാമർശിച്ചിരിക്കുന്ന അത്തരം ഏതെങ്കിലും നിയമനിർമ്മാണം നടത്തുമ്പോൾ,ഗവർ ണർക്ക് പാർലമെന്റിന്റെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയുടെയോ ഏതെങ്കിലും നിയമമോ അല്ലെങ്കിൽ ഇക്കാലയളവിൽ ബന്ധപ്പെട്ട പട്ടികപ്രദേശത്തിന് ബാധകമായി നിലനിൽക്കുന്ന ഏതെങ്കിലും നിയമമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) ഈ ഖണ്ഡികയ്ക്കുകീഴിൽ ഉണ്ടാക്കുന്ന എല്ലാ നിയമങ്ങളും ഉടനെതന്നെ പ്രസിഡന്റിന് സമർപ്പിക്കേണ്ടതാണ്. പ്രസിഡന്റിന്റെ അംഗീകാരം കിട്ടുന്നതുവരെ അവയ്ക്ക് യാതൊരുവിധ പ്രാബല്യവുമുണ്ടായിരിക്കുന്നതല്ല.

(5) സംസ്ഥാനത്ത് ഒരു ട്രൈബൽ അഡ്വൈസറി കൗൺസിൽ നിലവിലുണ്ടെങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുന്ന ഗവൺമെന്റ് അത്തരം കൗൺസിലുമായി കൂടിയാലോചിക്കുന്നില്ലെങ്കിൽ ഈ ഖണ്ഡികയ്ക്ക് വിധേയമായി ഇത്തരത്തിലുള്ള യാതൊരു നിയമവും നിർമ്മിക്കാൻ പാടില്ലാത്തതാകുന്നു.

## പാർട്ട് സി
## പട്ടികപ്രദേശങ്ങൾ

6. പട്ടികപ്രദേശങ്ങൾ:

(1) ഈ ഭരണഘടനയിൽ, പട്ടികപ്രദേശം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് പട്ടികപ്രദേശമായി പ്രസിഡന്റ് ഒരു ഉത്തരവിലൂടെ പ്രഖ്യാപിക്കുന്ന അത്തരം പ്രദേശങ്ങളാണ്.

(2) പ്രസിഡന്റിന് ഏത് സമയത്തും ഒരു ഉത്തരവിലൂടെ:

(a) ഒരു പട്ടികപ്രദേശം മുഴുവനായോ അല്ലെങ്കിൽ പട്ടിക പ്രദേശത്തിന്റെ ഒരു നിർദ്ദിഷ്ടഭാഗമോ, പട്ടികപ്രദേശമല്ലാതാക്കാനോ ഭാഗികമായി പട്ടികപ്രദേശമല്ലാതാക്കാനോ ഉള്ള ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

[(aa) സംസ്ഥാന ഗവർണറുമായി കൂടിയാലോചിച്ച് ഒരു സംസ്ഥാനത്തെ ഏതെങ്കിലും പട്ടികപ്രദേശം വിപുലീകരിക്കാനുള്ള ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.]

(b) അതിരുകളെ സംബന്ധിച്ച പിശകുകൾ തിരുത്തിക്കൊണ്ട് പട്ടികപ്രദേശത്തിന് മാറ്റം വരുത്താവുന്നതാണ്;

(c) ഏതെങ്കിലും സംസ്ഥാനത്തിന്റെ അതിരുകൾക്ക് മാറ്റം വരുമ്പോഴോ അല്ലെങ്കിൽ യൂണിയനിൽ കൂട്ടിച്ചേർക്കപ്പെടുമ്പോഴേ അല്ലെങ്കിൽ ഒരു പുതിയ സംസ്ഥാനം സ്ഥാപിക്കപ്പെടുമ്പോഴോ ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ പട്ടികപ്രദേശമായി മുൻപ് ഉൾചേർക്കപ്പെടാതിരുന്നതോ അതിന്റെ ഭാഗമല്ലാതിരുന്നതോ ആയ ഒരു പ്രദേശത്തെ പട്ടികപ്രദേശമായി ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(d) ഏതെങ്കിലും സംസ്ഥാനവുമായോ സംസ്ഥാനങ്ങളുമായോ ബന്ധപ്പെട്ട് ഈ ഖണ്ഡികയ്ക്ക് കീഴിൽ വരുന്ന ഏതെങ്കിലും ഉത്തരവോ, ഉത്തരവുകളോ ബന്ധപ്പെട്ട സംസ്ഥാനത്തെ ഗവർണറുമായി കൂടിയാലോചിച്ച് റദ്ദാക്കുകയും പ്രദേശങ്ങൾ പുനർനിർവ്വചിച്ച് പട്ടികപ്രദേശമാക്കാനുള്ള പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാണ്. മാത്രമമല്ല അത്തരത്തിലുള്ള ഏത് ഉത്തരവിലും പ്രസിഡന്റിന് ആവശ്യമെന്നും യുക്തമെന്നും തോന്നുന്ന സാന്ദർഭികവും പൊതുപ്രാധാന്യമുള്ളതുമായ വ്യവസ്ഥകൾ ഉൾകൊള്ളിക്കാവുന്നതാണ്; എന്നാൽ മുൻപ് പറഞ്ഞതുപോലെയല്ലാതെ ഈ ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡികയ്ക്ക് വിധേയമായി പാസ്സാക്കുന്ന ഉത്തരവ് തുടർന്നുവരുന്ന യാതൊരു ഉത്തരവിനാലും വ്യത്യാസപ്പെടുത്താൻ പാടുള്ളതല്ല

## പാർട്ട് ഡി
## പട്ടികയ്ക്കുള്ള ഭേദഗതി

7 പട്ടികയ്ക്കുള്ള ഭേദഗതി:

(1) പാർലമെന്റിന് കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കലിലൂടെയോ, വ്യത്യാസപ്പെടുത്തലിലൂടെയോ, റദ്ദുചെയ്യലിലൂടെയോ ഈ പട്ടികയുടെ ഏത് വ്യവസ്ഥയും നിയമപരമമായി ഭേദഗതി ചെയ്യാവുന്നതാണ്.

(അങ്ങിനെ പട്ടിക ഭേദഗതി ചെയ്യപ്പെട്ടാൽ ഈ ഭരണഘടനയിലെ ഈ പട്ടികയെപ്പറ്റിയുള്ള ഏത് പരാമർശവും ആവിധത്തിൽ ഭേദഗതി ചെയ്യപ്പെട്ട പട്ടികയെ സംബന്ധിച്ച പരാമർശമായി പരിഗണിക്കേണ്ടതാണ്.)

(2) ഈ ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു നിയമവും 368-ാം ആർട്ടിക്കിൾ അനുസരിച്ച് ഈ ഭരണഘടനയുടെ ഭേദഗതിയായി വിവക്ഷിക്കപ്പെടേണ്ടതില്ല. ■

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി. പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി. ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി. എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

# ജാനു

**ന**മ്മളെ ഇടയിലേക്ക് ആദ്യകാലത്ത് കുടിയേറ്റകർഷകർ വന്ന് കൃഷിരീതി മാറ്റുകയും കൃഷി കച്ചവടമാക്കുകയും ചെയ്തു. അപ്പോഴും ഇവിടെ നേരത്തെ കൃഷി ഭൂമി ഉടമകളായിരുന്ന ജന്മിമാർ പാടത്തിറങ്ങാതെയും ഭൂമിയെ നോക്കാതെയും ഇരുന്നതുകൊണ്ടാണ് ഇന്നത്തെ നിലവന്നത്. കൃഷിഭൂമി കർഷകനാണെന്ന് പറഞ്ഞിട്ട് പുസ്തകം വായിച്ച് പഠിച്ചവർക്ക് ആണ് ഭൂമി കിട്ടിയത്. ഭൂമിയിൽ നിന്ന് വിദ്യ കിട്ടിയ സമുദായത്തിന് മാത്രമേ ഭൂമിയിൽ അഭ്യാസങ്ങൾ ചെയ്യാനാവൂ. പാട്ടും കഥയും ബുക്കിൽ നിന്ന് കാണാതെ പഠിക്കുന്ന ഒരു സമുദായത്തിന് കൃഷി ചെയ്യാൻ കഴിയില്ല.

പൊതു സമൂഹത്തിലേതുപോലല്ല നമ്മളെ ഇടയിലെ പെണ്ണുങ്ങളുടെ കാര്യങ്ങൾ. നമ്മളെ എല്ലാ കാര്യത്തിലും ഒത്തൊരുമ ഉണ്ടാകുന്നതു തന്നെ പെണ്ണുങ്ങളിലൂടെയാണ്. പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളിലേക്ക് അങ്ങനെ പെട്ടന്നടുക്കാൻ കഴിയുന്ന ഒരു സമ്പ്രദായം അതിനില്ല. എന്തു തന്നെ വിഷമങ്ങള് സഹിച്ചാലും അവർക്ക് ശരിയായിട്ട് തോന്നുന്ന കാര്യത്തില് ഉറച്ചു നില്ക്കാനുള്ള കരുത്ത് അവരുടെ ഇടയില് ഉണ്ട്. നമ്മളെ വേഷങ്ങളും, രീതികളും അധികമായി മാറാതെ നില്ക്കുന്നത് പെണ്ണുങ്ങളെ ഇടയിലാണ്. കാട്ടിൽ നിന്ന് മഴയും, കാറ്റും കഷ്ടതകളും ഏറ്റ് ഏറ്റ് ഉറച്ച് പോയതാണ് സമ്പ്രദായം.

പുരുഷന്മാര് അങ്ങനെയല്ല, വഴിലൂടെ പോകുമ്പോത്തന്നെ തോളത്ത് ആരെങ്കിലും കയ്യിട്ട് ചെവിലിങ്ങനെ എന്തെങ്കിലും പറഞ്ഞ് കൊടുക്കുക, ഒരു ചായയ്ക്ക് പറയുക, ബീഡി കൊടുക്കുക, അങ്ങനത്തെ ഒരു രീതിയില് ആൾക്കാരെ മാറ്റാൻ കഴിയുന്ന രീതി പൊതുസമൂഹത്തിന്റെ ഇടയിൽ ഉണ്ട്. പൊതുസമൂഹത്തിൽ അധികമായി പെണ്ണുങ്ങൾ പണിയെടുക്കാത്തവരായിട്ട് ഉള്ളതുകൊണ്ട് പുതിയ സമ്പ്രദായം വന്നപ്പോ, പെണ്ണുങ്ങൾ പണി ചെയ്യേണ്ടതായ ജീവിതക്രമം ഉണ്ടായപ്പോ പെണ്ണുങ്ങളുടെ കാര്യങ്ങൾ ഒരു പ്രശ്നമായിത്തന്നെ പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്.

നമ്മളെ പെണ്ണുങ്ങള് നേരത്തെതന്നെ പാടത്ത് കിളയ്ക്കലും പണിയെടുക്കലും ശീലമുണ്ടായിരുന്നതുകൊണ്ട് അതിന്റെ ഒരു രീതിയിൽ നിന്നും ഒരു ശക്തി ഉണ്ടെന്ന് തോന്നും.

(ഭാസ്കരൻ രചിച്ച സി.സി.ബുക്ക്സ് പ്രസിദ്ധീകരിച്ച ജാനുവിന്റെ ജീവിത കഥയിൽ നിന്ന്) ■

# സർ സി.പി.യുടെ പടം നിയമസഭയിൽ വയ്ക്കുക

## സി.ആർ. നീലകണ്ഠൻ നമ്പൂതിരി

**പാ**ർലമെന്റിൽ വീരസവർക്കർ എന്ന ഹിന്ദു വർഗ്ഗീയവാദിയുടെ പടം സ്ഥാപിച്ചതിലൂടെ കേന്ദ്രസർക്കാർ തങ്ങളുടെ അജണ്ട വ്യക്തമാക്കിക്കഴിഞ്ഞു. ഇതു നമുക്കറിയാതിരുന്നതല്ല, പക്ഷെ അതു പരസ്യമായി പ്രഖ്യാപിക്കാൻ അവർ ഇതുവരെ ധൈര്യപ്പെട്ടിരുന്നില്ല. 'ഗുജറാത്ത്' അനുഭവം നൽകിയ ധൈര്യമായിരിക്കും ഇതിനവരെ പ്രേരിപ്പിച്ചത്. രാഷ്ട്രപതി അബ്ദുൾ കലാം ഇതിനു കൂട്ടു നിന്നതിലാണ് ചിലർക്കു വിഷമം. ഇതിൽ അപ്രതീക്ഷിതമായൊന്നും ഈ ലേഖകൻ കാണുന്നില്ല. പക്ഷെ അബ്ദുൾ കലാം തന്നെയാണ് രാഷ്ട്രപതിയാകേണ്ടതെന്നു വാദിച്ച ചില 'മതേതര' വാദികളുണ്ട്. അവർ ചിന്തിക്കേണ്ടതാണ്. ഗാന്ധിജിയുടെ ചിത്രത്തിനു കീഴെ 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു സാധാരണ എഴുതി വയ്ക്കാറുണ്ട്. സവർക്കർ ഗാന്ധിയെ നേരെ നോക്കിയാണ് ഇരിക്കുന്നതെന്നതിനാൽ ആ ചിത്രത്തിന്റെ താഴെ 'താങ്കളുടെ മരണമാണ് എന്റെ സന്ദേശം' എന്നു കൂടി എഴുതിവച്ചാൽ കാര്യം ക്ലീൻ.

ഇതിപ്പോൾ എഴുതിയത് മറ്റൊരു കാര്യത്തിനാണ്. ആഗോളവൽക്കരണം തുടങ്ങിയ എല്ലാ കേന്ദ്രനയങ്ങളും പിന്തുടരുന്ന സംസ്ഥാന സർക്കാരിന് മുമ്പിൽ ഒരു അടിയന്തിര നിർദ്ദേശം സമർപ്പിക്കുവാനുണ്ട്. കേരളത്തിന് (അതിന്റെ ഭാഗമായ പഴയ തിരുവിതാം കൂറിന്) ഇപ്പോൾ ഏറെ സ്വീകാര്യനാകേണ്ട ഒരു ചരിത്രപുരുഷനുണ്ട്. സർ സി.പി. രാമസ്വാമിഅയ്യർ. പണ്ട് അദ്ദേഹത്തെ കമ്യൂണിസ്റ്റുകൾക്കു മാത്രമല്ല, സ്റ്റേറ്റ് കോൺഗ്രസ്സുകാർക്കും വെറുപ്പായിരുന്നു. എ. ശ്രീധരമേനോനെപ്പോലുള്ള ചില ചരിത്രകാരന്മാരും അപൂർവ്വം ബ്രാഹ്മണവാദികളും മാത്രമേ സർ സിപി രാമസ്വാമി അയ്യർക്കു വേണ്ടി വാദിക്കാനുണ്ടായിരുന്നുള്ളൂ. 'അമേരിക്കൻ മോഡൽ'നടപ്പിലാക്കണം എന്നതായിരുന്നുവല്ലോ സി.പി.യുടെ നിലപാട്. അതിനെയാണ് നമ്മുടെ പ്രമുഖ രാഷ്ട്രീയ കക്ഷികൾ എതിർത്തത്. അന്നത്തെ അർത്ഥത്തിലല്ലെങ്കിലും ആഗോളവൽക്കരണത്തിലൂടെ നാമിവിടെ പുതിയൊരു 'അമേരിക്കൻ മോഡൽ' തന്നെയാണല്ലോ നടപ്പിലാക്കുന്നത്. ഈ മോഡലിന്റെ ഇപ്പോഴത്തെ നടത്തിപ്പുകാരൻ മുഖ്യമന്ത്രി ആന്റണിയാണെങ്കിലും ഇതിൽ പ്രതിപക്ഷത്തിനും കാര്യമായ എതിർപ്പില്ല. ചില എതിർപ്പുകളുണ്ടെങ്കിലും അതു മറികടക്കാൻ പലവഴികളുമുണ്ട്. സവർക്കർ ചിത്രം വയ്ക്കുന്ന കാര്യം കേന്ദ്രത്തിൽ ചർച്ച ചെയ്തപ്പോൾ പ്രതിപക്ഷത്തെ കോൺഗ്രസ്, സി.പി.എം. നേതാക്കൾ ഇരുന്നുപോലെ 'കേൾക്കാത്ത' മട്ടിൽ പ്രതിപക്ഷം ഇരിക്കുക. പിന്നെ പടം വച്ചു കഴിയുമ്പോൾ എതിർക്കാം. (ശ്രദ്ധിക്കുക – ഈ ചർച്ചയിൽ പങ്കെടുക്കാൻ പ്രതിപക്ഷ നേതാവിനെ അയക്കരുത്!)

സർ സി.പി.യോടുള്ള മറ്റൊരു വിരോധം (പ്രധാനമായും കമ്മ്യൂണിസ്റ്റുകാർക്ക്) പുന്നപ്രയിലും വയലാറിലും വെടിവെപ്പു നടത്തിയതിന്റെ പേരിലാണല്ലോ. ഇപ്പോൾ അത് അത്രവലുതല്ലാതായി. വാരിക്കുന്തമെങ്കിലും കയ്യിലുള്ളവരെയാണ് അന്ന് പോലീസ് വെടിവച്ചതെങ്കിൽ ഇന്ന് മുത്തങ്ങയിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന 'ഭീകരർ' ക്കുനേരെ പല റൗണ്ട് വെടിവച്ചും അവരെ (കുട്ടികളെയടക്കം) അതിഭീകരമായി മർദ്ദിച്ചുമാണ് പൊലീസ് ശക്തിതെളിയിച്ചത്. സർ സി.പി. പോലും ന്യായീകരിക്കാത്തവിധം (അന്നദ്ദേഹം ഒറ്റക്കായിരുന്നെങ്കിൽ ഇന്ന് ഒട്ടേറെ നേതാക്കളും ചില മാധ്യമങ്ങളും ) വെടിവെപ്പിനെ ഭരണകൂടം ന്യായീകരിക്കുന്നുമുണ്ട്. മരിച്ചവരെ ഏറെക്കഴിഞ്ഞിട്ടാണ് അന്ന് തീയിട്ടുകത്തിച്ചതെങ്കിൽ ഇവിടെ 'തത്സമയം' (ലൈവ് എന്നു പറഞ്ഞാൽ അർത്ഥം മാറുമെങ്കിലും അതും ചിലപ്പോൾ ശരിയാകാം) തന്നെ കത്തിച്ചു കളഞ്ഞു. "വഞ്ചിക്കപ്പെട്ട വേണാട് എന്നതുപോലെ "വഞ്ചിക്കപ്പെട്ട വയനാട്" എന്നു പുസ്തകം ആർക്കെങ്കിലും എഴുതാം.

ഇനി നാം മാതൃകയാക്കേണ്ടത് സർ സി.പി.യെ തന്നെയാണ്. ജനാധിപത്യത്തിനൊന്നും വലിയ പ്രസക്തിയില്ലെന്ന് 'ജിം' സമയത്തു തന്നെ ഭരണകൂടം പ്രഖ്യാപിച്ചു കഴിഞ്ഞു. അതുകൊണ്ട് മുഖ്യമന്ത്രിയോടും സ്പീക്കറോടും അഭ്യർത്ഥിക്കുന്നു, നമ്മുടെ പുതിയ നിയമസഭാമന്ദിരത്തിൽ സർസിപിയുടെ പടം ഉടനെ വയ്ക്കുക. ■

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709